കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

1999 ഡിസംബർ 28, ചൊവ്വ

വാല്യം 109] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 1999 ഡിസംബർ മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം *297.

1 (*297) പി.എസ്.സി. പരീക്ഷാ നടത്തിപ്പ് കുറ്റമറ്റതാക്കാൻ നടപടി

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. വിശ്വൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. പരീക്ഷാ നടത്തിപ്പ് കുറ്റമറ്റതാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇടുക്കി, കണ്ണൂർ ജില്ലകളിലെ എൽ.ഡി.സി. ഒഴിവുകളിലേക്ക് 1999 നവംബർ മാസം പി.എസ്.സി. നടത്തിയ എഴുത്തുപരീക്ഷയിലെ പൊതു വിജ്ഞാനവിഭാഗത്തിലെ 45 ചോദ്യങ്ങളും കോട്ടയത്തുനിന്നും പ്രസിദ്ധീകരിച്ച ഒരു ഗൈഡിൽ നിന്നാണെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞവർഷം ഇതേ പരീക്ഷ ഇതേ രൂപത്തിലുള്ള മറ്റൊരു ആക്ഷേപത്തെത്തുടർന്ന് റദ്ദുചെയ്തിട്ടുള്ള കാര്യം സർക്കാരിനറിയുമോ;

(ഇ) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(എഫ്) പി.എസ്.സി. നടത്തുന്ന പരീക്ഷകൾ കുറ്റമറ്റതാക്കാൻ ചുമതലപ്പെട്ടവർ ആരാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ എന്തൊക്കെ നിർദ്ദേശങ്ങളും നടപടികളും ഏർപ്പെടുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) പരീക്ഷ കുറ്റമറ്റതാക്കാൻ കമ്മിഷൻ സ്വീകരിച്ച നടപടികൾ താഴെപ്പറയും പ്രകാരമാണ്.

കമ്മിഷന്റെ പരീക്ഷയ്ക്കുള്ള ചോദ്യപേപ്പർ തയ്യാറാക്കുന്നത് പുറമേയുള്ള ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രഗത്ഭരായ വ്യക്തികളാണ്.

ഒരു പരീക്ഷയ്ക്ക് ഒന്നിൽ കൂടുതൽ വ്യക്തികളെക്കൊണ്ട് ചോദ്യം തയ്യാർ ചെയ്യിക്കുകയും അവ ലഭിച്ചുകഴിഞ്ഞാൽ അതിൽനിന്നും ഒരെണ്ണം നറുക്കെടുത്ത്, (ആഫീസിൽ തുറന്നു നോക്കാതെ തന്നെ) സീൽചെയ്ത്, അതേ രൂപത്തിൽത്തന്നെ പ്രസ്സിലേക്ക് പ്രിന്റിംഗിന് അയയ്ക്കുകയും പ്രിന്റിംഗിനു ശേഷം സീൽ ചെയ്ത കവറിൽ ലഭിക്കുന്ന ചോദ്യപേപ്പർ പായ്ക്കറ്റുകൾ അതേപടി പരീക്ഷാ സെന്ററുകളിലേയ്ക്ക് അയയ്ക്കുകയുമാണ് ചെയ്യുന്നത്. സാധാരണ പരീക്ഷാ ദിവസത്തിന് രണ്ട് ദിവസംമുമ്പ് സീൽചെയ്ത ചോദ്യ പേപ്പർ പായ്ക്കറ്റ് പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് കൈമാറുന്നു. പരീക്ഷ കഴിയുന്നതുവരെ നിർബന്ധമായും നൈറ്റ് വാച്ചറെ പരീക്ഷാ കേന്ദ്രത്തിൽ നിയമിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സീൽ ചെയ്ത ചോദ്യപേപ്പർ പായ്ക്കറ്റ് പരീക്ഷ തുടങ്ങുന്നതിന് 10 മിനിട്ടുമുമ്പ് രണ്ട് അസിസ്റ്റന്റ് സൂപ്രണ്ടുമാരുടെ സാന്നിദ്ധ്യത്തിൽ മാത്രമേ തുറക്കാവൂ എന്നും നിബന്ധനയുണ്ട്. ഇതു സംബന്ധിച്ച് ചീഫ് സൂപ്രണ്ടും അസിസ്റ്റന്റ് സൂപ്രണ്ടുമാരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് പബ്ലിക് സർവ്വീസ് കമ്മിഷന്റെ പരീക്ഷാ കൺട്രോളർക്ക് ചീഫ് സൂപ്രണ്ടുമാർ അയച്ചുകൊടുക്കുകയും വേണം. ചോദ്യപേപ്പർ പായ്ക്കറ്റിനകത്തെ ചോദ്യപേപ്പറുകൾ അടങ്ങുന്ന സീൽ ചെയ്ത ചെറിയ കവർ (ഇരുപത് ചോദ്യപേപ്പറുകൾ അടങ്ങുന്നവ) പരീക്ഷാ മുറിയിൽ വച്ച് ഉദ്യോഗാർത്ഥികളുടെ സാന്നിദ്ധ്യത്തിൽ പരീക്ഷയ്ക്ക് 5 മിനിട്ട് മുമ്പ് മാത്രമേ തുറക്കാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ആമുറിയിലെ രണ്ട് ഉദ്യോഗാർത്ഥികളും അസിസ്റ്റന്റ് സൂപ്രണ്ടും കവറിന് പുറത്ത് സാക്ഷ്യപ്പെടുത്തണം. പരീക്ഷാകേന്ദ്രത്തിന്റെയും ചോദ്യപേപ്പർ പായ്ക്കറ്റിന്റെയും പരിശോധനയ്ക്കായി പബ്ലിക് സർവ്വീസ് കമ്മിഷനിൽ നിന്ന് ഉദ്യോഗസ്ഥന്മാരേയും നിയോഗിക്കാറുണ്ട്.

(ബി)&(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇടുക്കി, കണ്ണൂർ ജില്ലകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയുടെ നിയമനത്തിനായുള്ള എഴുത്തുപരീക്ഷ 20.11.1999-ന് നടത്തുകയുണ്ടായി. രണ്ട് ജില്ലകൾക്കും പ്രത്യേകം പ്രത്യേകം ചോദ്യപേപ്പറുകളായിരുന്നു. അതിൽ ഇടുക്കി ജില്ലയ്ക്കു വേണ്ടി നടത്തിയ പരീക്ഷയിലെ ചോദ്യപേപ്പറിലെ രണ്ടാം ഭാഗമായ പൊതുവിജ്ഞാനത്തിലെ കൂടുതൽ ചോദ്യങ്ങളും കോട്ടയത്ത് നിന്ന് പ്രസിദ്ധീകരിച്ച ഒരു പ്രത്യേക ഗൈഡിൽ നിന്ന് ഉള്ളവയാണെന്നും ആ ചോദ്യങ്ങൾ 31.10.1998-ന് തൃശൂർ ജില്ലയിലെ ഇതേ തസ്തികയുടെ തെരഞ്ഞെടുപ്പിനായി നടത്തിയ എഴുത്തു പരീക്ഷയിലെ ചോദ്യങ്ങൾ തന്നെയായിരുന്നുവെന്നുമാണ് പത്രങ്ങളിൽ വന്ന പരാതി. ഇതു സംബന്ധിച്ച് പത്രങ്ങളിൽ വന്ന പരാതികളിന്മേൽ കമ്മിഷൻ അന്വേഷണം നടത്തിവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കമ്മിഷൻ അറിയിച്ചിട്ടുണ്ട്.

(എഫ്) പബ്ലിക് സർവ്വീസ് കമ്മിഷൻ തന്നെയാണ്.

(ജി) ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശങ്ങളൊന്നും നൽകാൻ കഴിയുകയില്ല.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, ഒരേ തസ്തികയിലേക്ക് ഒരേ പരീക്ഷാ യോഗ്യതയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഒരു പൊതു പരീക്ഷ നടത്തി പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കി കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇക്കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സംവരണ പ്രശ്നത്തിൽ സുപ്രീം കോടതി വിധി വന്നതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. നിയമനങ്ങളിൽ ഉണ്ടായിട്ടുള്ള അനിശ്ചിതത്വം ഒഴിവാക്കാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : അതിനെ സംബന്ധിച്ച്, ഇപ്പോൾ കേന്ദ്രത്തിൽ നിന്ന് നിയമനങ്ങളെല്ലാം സ്റ്റോപ്പ് ചെയ്തിരിക്കുകയാണ്. ക്യാബിനറ്റ് ഇതു സംബന്ധിച്ച് ഒരു കമ്മിഷനെ വയ്ക്കണമെന്ന തീരുമാനം എടുത്തിട്ടുണ്ട്. ആകമ്മിഷൻ ഇക്കാര്യങ്ങളെ സംബന്ധിച്ച് ഒന്നും വിശദീകരിച്ചിട്ടില്ല. അതിനു ശേഷമേ ഇക്കാര്യത്തെ സംബന്ധിച്ച് വ്യക്തമായി പറയാൻ പറ്റുകയുള്ളൂ.

ശ്രീ. രാജു എബ്രഹാം : സർ, പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെടുന്നവർ ക്രീമിലെയർ പ്രശ്നത്തിൽ വരുന്നവരല്ല. നിയമന നിരോധനം പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഡ്വൈസ് മെമ്മോ ലഭിച്ച ആളുകൾക്കും അതുപോലെ സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ വന്നിട്ടുള്ള പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്കും ബാധകമാക്കാതെ അവരെ നിയമിക്കാൻ വേണ്ടി സത്വര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ആരേയും അപ്പോയിന്റ് ചെയ്യണ്ട എന്നുള്ളതാണ് ഇപ്പോഴത്തെ നിർദ്ദേശം. ഇക്കാര്യം കമ്മിഷൻ റിപ്പോർട്ട് വന്നതിനുശേഷം തീരുമാനിക്കാവുന്നതാണ്.

ശ്രീ. രാജു എബ്രഹാം : ഇതുവരെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങളാണ് പി.എസ്.സി. ക്ക് വിട്ടുകൊടുത്തിട്ടുള്ളത്; എല്ലാപൊതുമേഖലാ സ്ഥാപനങ്ങളുടെയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നകാര്യം ഗവണ്മെന്റ് ആലോചിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും വർക്കർ തസ്തികയിലെയും ഓഫീസർ തസ്തികയിലെയും ഒഴിവുകൾ പി.എസ്.സി. ക്ക് വിടുക എന്നതാണ് സർക്കാരിന്റെ നയം. 96 പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങൾ ഇതിനകം പി.എസ്.സി.ക്ക് വിട്ടുകഴിഞ്ഞിട്ടുണ്ട്. 14 സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സി. യുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. വിശ്വൻ : സർ, പി.എസ്.സി. യുടെ പരീക്ഷാ സമ്പ്രദായം നവീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : പി.എസ്.സി.യുടെ പരീക്ഷാ സമ്പ്രദായം നവീകരിക്കുന്നതിന് ഒബ്ജക്ടീവ് മാതൃകയിലുള്ള ഉത്തരക്കടലാസ് പരിശോധിക്കുന്നതിനായി ഒപ്റ്റിക്കൽ മാർക്ക് റീഡർ(ഒ.എം.ആർ) എന്ന കമ്പ്യൂട്ടർ സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിന് ഏർപ്പാട് ചെയ്തിട്ടുണ്ട്. ഉയർന്ന സാങ്കേതിക വിദ്യാഭ്യാസ യോഗ്യതകൾ അടിസ്ഥാന യോഗ്യതയായി നിശ്ചയിക്കുന്ന തസ്തികളിലേക്ക് തെരഞ്ഞെടുപ്പിന് ഒരു ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : പി.എസ്.സി. പരീക്ഷ നടത്തിക്കുന്നതിലും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ.കെ. നായനാർ : സ്വീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തി. അധികമായി സ്റ്റാഫിനെ അനുവദിച്ചു. പി.എസ്.സി. യുടെ മൂന്ന് റീജിയണൽ ഓഫീസുകൾ ഇപ്പോൾ ആരംഭിച്ചു. പൊതുചോദ്യബാങ്ക് ഉണ്ടാക്കാനുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, ഉദ്യോഗത്തിനുള്ള പരീക്ഷകളിൽ ഇപ്പോഴും ചോദ്യങ്ങൾ ചോദിക്കുന്നത് ആ വിഷയവുമായി അല്ലെങ്കിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന ജോലിയുമായി ബന്ധം ഇല്ലാത്തതും പ്രസക്തിയില്ലാത്തതുമായ ചോദ്യങ്ങളാണ്. ഉത്തരങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന്, നമ്മുടെ നിയമസഭയിൽ ചോദ്യങ്ങളുടെ എണ്ണം നിയന്ത്രിച്ചതുപോലെ ആ രീതിയിലുള്ള ഒരു സംവിധാനം പി.എസ്.സി. പരീക്ഷകളിൽ കൊണ്ടുവന്ന് ചോദ്യങ്ങളുടെ എണ്ണം കുറയ്ക്കുകയും ഏത് തസ്തികകളിലേയ്ക്കാണോ പരീക്ഷ നടത്തുന്നത് ആ തസ്തികയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കുകയും ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : ഉണ്ട്. എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ്, സ്റ്റെനോഗ്രാഫർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്2, ലാസ്റ്റ് ഗ്രേഡ് തസ്തികകൾ എന്നിവയ്ക്ക് ഈ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ പോൾ : ഇന്ന് പി.എസ്.സി. അപേക്ഷ അയച്ച് പരീക്ഷ എഴുതുന്ന ഉദ്യോഗാർത്ഥികൾക്ക് പിന്നീട് എന്ത് സംഭവിക്കുന്നു എന്നുള്ള വിവരങ്ങൾ അറിയുന്നതിന് ഒരു സംവിധാനമില്ല. ഇന്ന് കമ്പ്യൂട്ടർ ഉപയോഗിച്ചുകൊണ്ടുള്ള വിവര വിനിമയ സംവിധാനം ഉള്ളപ്പോൾ ഈ കാര്യങ്ങൾ അറിയുന്നതിനുള്ള ഒരു സംവിധാനംകൂടി ആധുനിക രീതിയിൽ ഏർപ്പെടുത്താൻ കഴിയുമോ?

ശ്രീ. ഇ.കെ. നായനാർ : തൊഴിൽ ഇല്ലാത്തവർക്ക് ആശ്വാസം നൽകാൻ പി.എസ്.സി. വളരെയധികം കാര്യങ്ങൾ മുൻകൈ എടുത്ത് ചെയ്തിട്ടുണ്ട്. 31.11.1999 വരെ 1155 തസ്തികകളിലേയ്ക്കായി 7626246 അപേക്ഷകൾ തെരഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങളിലാണ്. 448 വ്യത്യസ്ത തസ്തികകളിലേയ്ക്ക് 19,57,935 പേരെ എഴുത്തു പരീക്ഷയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഡിസംബർ അവസാനത്തോടുകൂടി വിവിധ തസ്തികകളിലേയ്ക്കുള്ള എഴുത്തു പരീക്ഷയ്ക്ക് വിധേയമാകുന്നവരുടെ എണ്ണം 23 ലക്ഷമായി ഉയരുന്നതാണ്. അങ്ങനെ ആശ്വാസം നൽകാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, പി.എസ്.സി. വഴിയുള്ള ഉദ്യോഗ നിയമനം നിർത്തിവച്ചതിനുശേഷം അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്ക് കൃത്യമായ വിശദീകരണം ലഭിക്കാത്തതിന്റെ ഫലമായി ചെറുപ്പക്കാർ, പ്രത്യേകിച്ചും ലിസ്റ്റിൽ പേര് വന്ന ആളുകൾ ഇപ്പോൾ ആശങ്കയിലാണ്. അവരുടെ ആശങ്ക പരിഹരിക്കാൻ വേണ്ടി എത്ര നാളത്തേയ്ക്ക് നിയമനം നിർത്തിവച്ചോ അത്രയും നാളേയ്ക്കെങ്കിലും ലിസ്റ്റ്എക്സ്റ്റൻഡ് ചെയ്യാമെന്നും അതുപോലെതന്നെ പ്രായപരിധി ഈകാലഘട്ടത്തിൽ ഒരു തരത്തിലും ബാധകമായിരിക്കുകയില്ലെന്നുമുള്ള ഒരു വിശദീകരണം നൽകി ചെറുപ്പക്കാരുടെയിടയിൽ ഉണ്ടായിട്ടുള്ള ആശങ്ക ഒഴിവാക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : ഇതൊക്കെ കേന്ദ്രത്തിൽ നിന്ന് ഇപ്പോൾ സ്റ്റോപ്പ് ചെയ്യാൻവേണ്ടി നിർദ്ദേശം വന്നിരിക്കുകയാണ്. നിങ്ങൾ പറഞ്ഞത് കാബിനറ്റ് അന്വേഷിച്ച് തീരുമാനിക്കാം. കാബിനറ്റ് അതിനെപ്പറ്റി ആലോചിക്കാം. എന്നിട്ട് പറയാം.

ശ്രീ. എം.വി. ജയരാജൻ : പി.എസ്.സി. പരീക്ഷയിൽ ക്രമക്കേടുകൾ കണ്ടെത്തിയാൽ ഇപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷന് ചെയ്യാൻ പറ്റുന്നത് ചോദ്യപേപ്പർ തയ്യാറാക്കിയവരെയും ക്രമക്കേടിന് ഉത്തരവാദികളായ ആളുകളെയും കരിംപട്ടികയിൽപ്പെടുത്തുകയെന്നുള്ളതാണ്. അതിനപ്പുറം ഇത് വർദ്ധിച്ചുവരുന്നതുകൂടി പരിഗണിച്ചുകൊണ്ട് ഇത് ഒരു പ്രധാന കുറ്റമായി കണക്കിലെടുത്ത് അവരുടെ പേരിൽ നടപടി സ്വീകരിക്കാൻ, ക്രമക്കേടുകൾ കാണിക്കുന്നവരുടെ പേരിൽ ഇത് ഒരു ഗുരുതരമായിട്ടുള്ള പ്രശ്നമാണെന്ന് കണക്കിലെടുത്ത് ശിക്ഷാനടപടി സ്വീകരിക്കാൻവേണ്ടിയുള്ള ഒരു മാറ്റം ഈ നടപടിക്രമത്തിൽ വരുത്താൻ ഗവണ്മെന്റ് സന്നദ്ധമാകുമോ?

ശ്രീ. ഇ.കെ. നായനാർ : ക്രമക്കേട് നടത്തുന്നവരെപ്പറ്റി ആദ്യം അന്വേഷിക്കണം. അന്വേഷിച്ച് ആരാണെന്ന് കണ്ടുപിടിച്ചു കഴിഞ്ഞാൽ നടപടിയെടുക്കും. ഉറപ്പാണ്.

ശ്രീ. കെ.സി. വേണുഗോപാൽ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ച ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ മറുപടി, ഈ പി.എസ്.സി. ലിസ്റ്റുകൾ ഡിസംബർ 31നും ജനുവരി 31നും കാലാവധി തീരുന്ന ലിസ്റ്റുകൾ ഉണ്ട്. ഈ രണ്ട് ലിസ്റ്റുകളിലേയും ഉദ്യോഗാർത്ഥികൾക്ക് ഇപ്പോൾ നിയമനം ലഭിക്കാൻ കഴിയാത്ത സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നത്. അതിന് മുഖ്യമന്ത്രി പറഞ്ഞ മറുപടിയിൽ ഈ തീരുമാനം എടുത്തതിനുശേഷം മാത്രമേ അതിന് അന്തിമമായ രൂപം നൽകാൻ കഴിയുകയുള്ളുവെന്നാണ്. അങ്ങനെ വരുമ്പോൾ ഡിസംബർ 31, ജനുവരി 31 എന്നീ തീയതികളിൽ കാലാവധി തീരുന്ന ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്ത സാഹചര്യം വരും. ഇത് വളരെ ഗുരുതരമായ സാഹചര്യമാണ്. അതുകൊണ്ട് കാലാവധി തീരുന്ന ലിസ്റ്റുകളിലെ ഉദ്യോഗാർത്ഥികൾക്ക് ഗവണ്മെന്റിന്റെ നിയമന നിരോധനഉത്തരവ് മൂലം നഷ്ടപ്പെട്ട സമയം എക്സ്റ്റന്റ് ചെയ്തു കൊടുക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് അടിയന്തിരമായി സ്വീകരിക്കണം. മുഖ്യമന്ത്രി ഈ കാര്യത്തിൽ നടപടിയെടുക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇപ്പോൾ ഒരു നിയമനവും പാടില്ല എന്നുള്ളതാണ് കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശം. ബഹുമാനപ്പെട്ട മെമ്പർക്ക് അത് ഓർമ്മയില്ല. എല്ലാം ഇപ്പോൾ സ്റ്റോപ്പു ചെയ്തിരിക്കുകയാണ്. ബാക്കിയുള്ള കാര്യങ്ങളെപ്പറ്റി ക്യാബിനറ്റ് അന്വേഷിച്ചിട്ട് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് ബേബി : സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ള പലപൊതുമേഖലാസ്ഥാപനങ്ങളിലും ഇപ്പോൾ പി.എസ്.സി. യിൽ നിന്നും റാങ്ക് ലിസ്റ്റ് വരുകയും ഇന്റർവ്യൂ നടത്തുകയും ഒന്നും ചെയ്യുന്നില്ല. ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞ 16-ഓളം പൊതുമേഖലാസ്ഥാപനങ്ങൾ കൂടി പി.എസ്.സി. യുടെ കീഴിലാക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞു. വളരെ പെട്ടെന്ന് സമയബന്ധിതമായി തന്നെ ഇത്തരം നിയമനങ്ങൾ പി.എസ്.സി. വഴി മാത്രമേ നടത്താൻ പാടുള്ളുവെന്ന കർശനമായ നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് മുന്നോട്ടു വരുമോ?

ശ്രീ. ഇ.കെ. നായനാർ : പി.എസ്.സി. വഴിക്ക് മാത്രമേ പാടുള്ളു എന്നാണ് എന്റെ അഭിപ്രായം. തീർച്ചയായും പി.എസ്.സി. വഴി നിയമനം നടത്തുന്ന കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ : പി.എസ്.സി. ക്ക് വിട്ടുകൊടുത്ത പല സ്ഥാപനങ്ങളിലേയും നിയമനം യഥാസമയം പി.എസ്.സി. നടത്താത്തതുകൊണ്ട് ഓവർടൈം ഇനത്തിൽ വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതായും അതുപോലെ പി.എസ്.സി. ക്ക് വിട്ട സ്ഥാപനങ്ങളിൽ, ഉദാഹരണത്തിന് വാട്ടർ അതോറിറ്റി നിയമനം നടത്താൻ തയ്യാറാകാത്തതിന്റെ പേരിൽ ഇപ്പോഴും നേരിട്ട് നിയമനം നടക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : പ്രത്യേകിച്ച് ശ്രദ്ധയിൽപ്പെടുത്തിയാൽ അത്പരിശോധിക്കാം.

ശ്രീ. എൻ. കണ്ണൻ : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കുമാത്രമാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ്. ആ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ വന്ന ആളുകൾക്ക് നിയമനത്തിന് കാലതാമസം വരുകയാണ്. ആ കാലതാമസം വരുന്നതിനുള്ള കാരണം അത് നിയമിക്കുന്നതിന് ഉപദേശം കൊടുക്കുന്നതിനുവേണ്ടി സംസ്ഥാനതലത്തിൽ ചേരേണ്ട കമ്മിറ്റി കൃത്യമായി ചേർന്ന് നിർദ്ദേശം കൊടുക്കുന്നില്ല എന്നാണ് ഡി.പി.ഐ. യിൽ നിന്നും എനിക്കു കിട്ടിയ മറുപടി. അതിനെക്കുറിച്ച് പരിശോധിച്ച് ആ കമ്മിറ്റി കൃത്യമായി ചേർന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക്, സ്പെഷ്യൽ റിക്രൂട്ട്മെന്റിലെ റാങ്ക് ലിസ്റ്റിൽ വന്ന് ഉദ്യോഗത്തിനുവേണ്ടി കാത്തുനിൽക്കുന്ന ആളുകൾക്ക് അത് അടിയന്തിരമായി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ആലോചിക്കാവുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : കേന്ദ്രഗവണ്മെന്റ് തൽക്കാലം നിയമനം നിർത്തിവയ്ക്കാൻ പറഞ്ഞുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞ മറുപടി. അത് ഞങ്ങൾക്ക് മനസ്സിലാക്കാം. ഇവിടെ പ്രശ്നം അതല്ല. ഈ മാസം 31-ാം തീയതി കാലാവധി തീരാൻ പോകുന്ന ആ ലിസ്റ്റിന് കാലാവധി നീട്ടികൊടുക്കേണ്ട എന്ന് കേന്ദ്രഗവണ്മെന്റ് പറഞ്ഞിട്ടില്ല. അതിന് ഇനി മൂന്നു ദിവസമേയുള്ളൂ. അതുകൊണ്ട് ഈ ഡിസംബർ 31-ാം തീയതിക്കു മുമ്പ് കാലാവധി തീരുന്ന ആ ലിസ്റ്റിന് കാലാവധി നീട്ടികൊടുക്കുന്ന കാര്യം ക്യാബിനറ്റ് കൂടി തീരുമാനം എടുക്കാൻ മുഖ്യമന്ത്രി തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : ആലോചിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly